വേങ്ങേരിയിലെ വെജിറ്റബിൾ മാർക്കറ്റിന്റെ പ്രവർത്തനങ്ങൾ

95 [2064] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വേങ്ങേരിയിൽ ആരംഭിച്ചിട്ടുള്ള വെജിറ്റബിൾ മാർക്കറ്റിന്റെ പ്രവർത്തനങ്ങൾ ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ;

(ബി) അവിടെ എത്ര മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്; എത്ര മുറികൾ വാടകയ്ക്ക് നൽകാനുണ്ട്;

(സി) കഴിഞ്ഞവർഷം അവിടെ നടന്ന കച്ചവടം സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ നൽകുമോ;

(ഡി) മാർക്കറ്റ് കെട്ടിടങ്ങളുടെ പണി എത്രകണ്ട് പൂർത്തിയായിട്ടുണ്ട്; ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളത്;

(ഇ) പ്രസ്തുത മാർക്കറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആകെ 76 കടമുറികളിൽ 16 എണ്ണം വാടകയ്ക്ക് നൽകിയിട്ടുണ്ട്. ഇനി 60 എണ്ണം വാടകയ്ക്ക് നൽകാനുണ്ട്.

(സി) ഏലം വിപണനത്തിലൂടെ 1,07,57,723 രൂപയുടെ കച്ചവടം നടന്നിട്ടുണ്ട്.

(ഡി) കെട്ടിടങ്ങളുടെ പണി പൂർത്തീകരിച്ച് അനുബന്ധ കെട്ടിടങ്ങളായ ഡോർമെറ്ററി, ഗസ്റ്റ് ഹൗസ് മുതലായവ ഉപയോഗക്ഷമമാക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പണി നടക്കുന്നു. 2004 ജൂലൈമാസം അവസാനത്തോടെ പണികൾ പൂർത്തിയാകും.

(ഇ) ഉത്തരമേഖലയിലെ സുപ്രധാന കാർഷിക വിപണന കേന്ദ്രമാക്കി മാറ്റുന്നതിനുള്ള ലക്ഷ്യത്തോടെ നാളികേരം, റബ്ബർ, അടയ്ക്ക, ഏലം, കുരുമുളക്, വാനില, പഴം, പച്ചക്കറികൾ, ഔഷധ സസ്യങ്ങൾ, പൂക്കൾ എന്നിവയുടെ വിപണനം സമയബന്ധിതമായി നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയാണ്. ഏലത്തിന്റെ ലേലം കഴിഞ്ഞ വർഷം ആരംഭിച്ചു. സെപ്റ്റംബർ ആദ്യവാരത്തോടെ വീണ്ടും ലേലം ആരംഭിക്കും. ഇതേ മാതൃകയിൽ കുരുമുളക്, വാനില മുതലായവയുടെ ലേലം ആരംഭിക്കും. നാളികേരം പരീക്ഷണാടിസ്ഥാനത്തിൽ വിപണനം ചെയ്യാൻ ജൂലൈ 5-ന് ആരംഭിച്ച് ആഗസ്റ്റ് മാസത്തോടെ പൂർണ്ണതോതിലുള്ള വിപണനം ചെയ്യാനാകും. ആഗസ്റ്റ് ആദ്യവാരത്തോടെ പൂക്കളുടെ വിപണനം തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly